# ASSOCIATION OF KERALA WATER AUTHORITY OFFICERS (AKWAO)

Recognized vide KWA 415th Board Resolution No. 11056 & Proceedings No 1214/E1/HO/2013 of MD, KWA dtd. 19/10/2020

Kerala Water Authority, Jala Bhavan, Vellayambalam, Thiruvananthapuram 695 033

Ph : 9447222494, 9447442010, 9496268546 | email : akwaogensec@gmail.com



President
Santhoshkumar ES

Vice-President
Abdul Sathar U
Babu M S
Demin Damodar
Nisha B.V.

General Secretary
Thampy S

Secretary
Saritha Bhaduri K V.
Joy H Jones
Shihabudeen A
Sunil K J

Treasurer
Ranjeev S


Date : 2/6/2025

**അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ കെ എൻ ബാലഗോപാലിന് കേരള വാട്ടർ അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ നിന്നും വകമാറ്റി ചെലവഴിച്ച 800 കോടിയോളം രൂപ ലഭ്യമാക്കുന്നതിനും ഉള്ള അടിയന്തിര ഇടപെടൽ ഉണ്ടാകുന്നതിനുമായി സമർപ്പിക്കുന്ന നിവേദനം**

1. 1984 വരെ കേരളാ സർക്കാരിന്റെ നേരിട്ടുള്ള ഒരു വകുപ്പായി (പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്) പ്രവർത്തിച്ചുവന്ന സ്ഥാപനത്തെയാണ് 1984 മുതൽ ഒരു ആക്റ്റ് വഴി കേരള വാട്ടർ അതോറിറ്റിയായി രൂപ മാറ്റം വരുത്തിയത്. കേരളത്തിൽ ശുദ്ധജലവിതരണവും മലിനജല നിർമ്മാർജ്ജനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയാണ് ഏറ്റെടുത്ത് ചെയ്യുന്നത്. ആയതിലേക്ക് ആവശ്യമായി വരുന്ന മുഴുവൻ പ്രോജക്റ്റുകളുടെയും ഭാഗമായി ഉണ്ടാവുന്ന **ആസ്തികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ ആണ് രേഖപ്പെടുത്തുന്നത്.**

2. കേരള വാട്ടർ അതോറിറ്റി നൽകിവരുന്ന സേവനങ്ങളുടെ നിരക്ക് (വെള്ളക്കരം അടക്കം) നിശ്ചയിക്കുന്നത് സർക്കാർ ആണ്. കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരെ നിയമിക്കുന്നത് സ്പെഷ്യൽ റൂൾ പ്രകാരം പി. എസ്. സി. യും ഡി.പി.സി. അടക്കം സർക്കാർ ജീവനക്കാരെ പോലെയും നിയമാനുസൃണമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഉയർന്ന തസ്തികയിലെ സ്ഥലംമാറ്റം അടക്കം സർക്കാർ ആണ് ചെയ്തു വരുന്നത്. കേരള വാട്ടർ അതോറിറ്റി തത്വത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി മാത്രമാണ്. യാതൊരു സ്വയംഭരണാവകാശവും ഇല്ലെന്നിരിക്കെ ജീവനക്കാരുടെ ശമ്പള, പെൻഷൻ അടക്കമുള്ള ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ ആയത് **കേരള വാട്ടർ അതോറിറ്റിയുടെ മാത്രം ഉത്തരവാദിത്വമാണ് എന്ന രീതിയിലുള്ള നിരീക്ഷണം ഖേദകരമാണ്.**

3. നിലവിൽ ഏകദേശം 45,000 കോടി രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ വിവിധ പ്രോജക്റ്റുകൾ ജെ.ജെ.എം. അടക്കം പൂർത്തീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ 40 ശതമാനത്തിൽ (2800 പേർ) അധികം ജീവനക്കാരെ കഴിഞ്ഞ 4 വർഷമായി നിയോഗിച്ചിട്ടുണ്ട്. ഇതെല്ലാം സർക്കാരിന്റെ Flagship പ്രോജക്റ്റുകൾ ആണ്. ഇതിനൊന്നും **തന്നെ centage ചാർജ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നില്ല.** കേരള വാട്ടർ അതോറിറ്റി സാമ്പത്തിക സ്വയം പര്യാപ്തമാകണമെന്നുണ്ടെങ്കിൽ **കേരള വാട്ടർ അതോറിറ്റിയും ജീവനക്കാരും നൽകുന്ന സേവനം കൃത്യമായി പരിഗണിച്ച് ആയതിനുള്ള return കേരള വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാകേണ്ടതുണ്ട്.**

4. ലോകത്തെല്ലായിടങ്ങളിലും ശുദ്ധജലവിതരണം സർക്കാർ സംരക്ഷണയിലും പരിരക്ഷയിലും ആണ് നടത്തിവരുന്നത്. ആയത് ലാഭകരമാക്കണമെന്ന സന്ദേശം ഏറ്റവും പാവപ്പെട്ടവർക്ക് ശുദ്ധജലം അപ്രാപ്യമാകുന്നതിന് തുല്യമാകും. കേരള വാട്ടർ അതോറിറ്റിയിൽ **നിലവിൽ ശുദ്ധജലത്തിന് ലഭ്യമാകുന്ന റെവന്യൂ ഉപയോഗിച്ച് മെയിന്റനൻസ് നടത്തികൊണ്ടു പോകുന്നതിനുള്ള ശരിയായ ക്രമീകരണം ആണ് ചെയ്തുവരുന്നത്.** എന്നാൽ **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ജലനിധി ദേവസ്വം ബോർഡ് തുടങ്ങിയവയിൽ നിന്നും കൃത്യമായി വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയിൽ ലഭിക്കുന്നില്ല.** കൂടാതെ വൈദ്യുതി ചാർജ് കാലാകാലങ്ങളിൽ വർധിപ്പിക്കുന്നത് കാരണമുണ്ടാകുന്ന അധിക ചെലവും കേരള വാട്ടർ അതോറിറ്റിയ്ക്ക് വഹിക്കുന്നതിനുള്ള സംവിധാനം ഇല്ല.

5. ശുദ്ധജല വിതരണ സംവിധാനം കാര്യക്ഷമമായി നടക്കുന്നതിനുള്ള ചെലവ് കണ്ടെത്തുന്നതിന് ജലത്തിന് മേലുള്ള റവന്യൂ മാത്രം തികയാതിരിക്കുന്ന സാഹചര്യത്തിൽ തന്നെ 20,000 കോടിയുടെ പ്രോജക്ട് കഴിഞ്ഞ 4 വർഷത്തിനകം പൂർത്തീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ വിഭവശേഷിയുടെ 40% - ൽ അധികം ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. **സാധാരണ സർക്കാർ ഏജൻസികൾക്ക് ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ 10% നിരക്ക് centage ചാർജ് ലഭ്യമാക്കിയാൽ ഏകദേശം 2,000 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അർഹതപ്പെട്ടതാണ്.** പ്രോജക്ടിന്റെ ഭാഗമായി JJM നിബന്ധനകൾ പ്രകാരം ആസ്തികൾ വർദ്ധിക്കുന്നത് LSGD യ്ക്കാണ്. എന്നാൽ റവന്യൂ കൊണ്ട് മാത്രം O&M പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമതരാഹിത്യമാണ് പ്രതിസന്ധി സൃഷ്ടിക്കുന്നതെന്ന നിരീക്ഷണം ദൗർഭാഗ്യകരമാണ്.

6. ഏത് വികസനത്തിന്റെയും ഏറ്റവും അടിസ്ഥാന ഘടകം ആയ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന സ്ഥാപനം എന്ന നിലയിൽ വരവിന്റെയും ചെലവിന്റെയും അനുപാതത്തിലെ വ്യത്യാസം പരിഗണിച്ച് പൂർവ്വകാലത്ത് വൈദ്യുതി ചാർജിനത്തിലും നോൺ പ്ലാൻ ഗ്രാൻഡ് ഇനത്തിലും സർക്കാരിന്റെ പിന്തുണയോടെയാണ് കേരള വാട്ടർ അതോറിറ്റി പ്രവർത്തിച്ച് വന്നിട്ടുള്ളത്. 2016 ലെ **LDF പ്രകടനപത്രിക പ്രകാരം ശുദ്ധജലത്തിന്റെ വില 2021 വരെ വർദ്ധിപ്പിക്കാതിരുന്നതും** 2016-ന് മുന്നേയുള്ള വർദ്ധനവ് നാമം മാത്രവും വർഷങ്ങൾക്കു മുന്നേ ആയതിനാലും കേരള വാട്ടർ അതോറിറ്റിയുടെ നിലനിൽപ്പ് സർക്കാരിന്റെ നയത്തിന്റെയും പിന്തുണയുടേയും ബലത്തിലാണെന്നു കാണാം. **എന്നാൽ കഴിഞ്ഞ 4 വർഷത്തിലധികമായി മേൽപ്രകാരമുള്ള Deficit ജീവനക്കാർ അടച്ച GPF തുകയും പെൻഷൻകാരുടെ ആനുകൂല്യത്തിലും കൈവെച്ചുകൊണ്ടാണ് കണ്ടെത്തിയത്.** ഈ ഇനത്തിൽ ഏകദേശം 800 കോടിയോളം രൂപയാണ് ജീവനക്കാരിൽ നിന്നും പെൻഷൻ കാരിൽ നിന്നും പിടിച്ചു വച്ചിരിക്കുന്നത്. ഒരർത്ഥത്തിൽ സർക്കാർ നയപ്രകാരം കുറഞ്ഞ നിരക്കിലും ബി.പി.എൽ. സമൂഹത്തിന് സൗജന്യമായി ജലം നൽകുന്നതിനുള്ള തുകയും സർക്കാരിന്റെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവും ജീവനക്കാരിൽ നിന്നു കണ്ടെത്തുന്ന അവസ്ഥയാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽ കണ്ടുവരുന്നത്. കൂടാതെ ജീവനക്കാർക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും കവർന്നെടുക്കുന്നു. ശമ്പള പരിഷ്കരണത്തിൽ DA ലയിപ്പിച്ചപ്പോൾ **1.38 എന്ന ഫാക്ടറിന് പകരം 1.32 -ന് താഴെ ആയതും** ചില തസ്തികയിൽ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം കഴിഞ്ഞപ്പോൾ ലക്ഷക്കണക്കിന് രൂപ

തിരികെ ഒടുക്കേണ്ട അവസ്ഥയിലായതും സർക്കാരിലെ എഞ്ചിനീയർമാർക്ക് നൽകുന്ന കരിയർ അഡ്വാൻസ്മെന്റ് സ്കീം കേരള വാട്ടർ അതോറിറ്റിയിൽ പുനസ്ഥാപിക്കാൻ വൈകുന്നതും ചില ഉദാഹരണങ്ങൾ മാത്രം.

7. ജീവനക്കാരുടെയും സംഘടനകളുടെയും നിരന്തര പ്രയത്നത്തിന്റെ ഫലമായി LSGD യ്ക്കായി നൽകിയിട്ടുള്ള പബ്ലിക് ടാപ്പുകൾ Geotagging നടത്തിയതിന്റെ ഫലമായി വെള്ളക്കര കുടിശ്ശിക ഇനത്തിൽ **LSGD യിൽ നിന്നും Release ചെയ്ത് ലഭിച്ച 719 കോടി രൂപ ഇനിയും കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാത്തതിനായി ഇപ്പോൾ പറയുന്ന പൂർവ്വകാല സർക്കാർ സഹായം അങ്ങേയറ്റം വേദനയോടെയാണ് കേൾക്കുന്നത്**. സർക്കാർ വകുപ്പായിരുന്ന PHED യിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് (കഴിഞ്ഞ 41 വർഷമായി) നിലവിലെ ജീവനക്കാർ പിരിച്ചെടുക്കുന്ന വെള്ളക്കരം ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി ആണ്.

8. കേരള വാട്ടർ അതോറിറ്റിയും അതിലെ ജീവനക്കാരും നമ്മുടെ നാട്ടിലെ ഏത് പ്രതിസന്ധിയിലും സർക്കാരിന്റെ ഉത്തരവാദിത്തപ്പെട്ട ഐകൺ എന്ന നിലയിലാണ് ഈ കാലഘട്ടമത്രയും പ്രവർത്തിച്ചുവരുന്നത്. സർക്കാർ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വെള്ളക്കര കുടിശ്ശിക ലഭ്യമാവുകയും **കേരള വാട്ടർ അതോറിറ്റി ചെയ്യുന്ന പ്രോജക്ട് വർക്കുകൾക്ക് നിയമാനുസൃണം ഉള്ള centage ചാർജ് ലഭ്യമാക്കുകയും നോൺ പ്ലാൻ ഗ്രാൻഡ് അരിയർ തീർത്ത് ലഭ്യമാക്കുകയും ചെയ്താൽ മാത്രം** ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പിടിച്ചുവച്ച് മറ്റു ചിലവുകൾക്ക് പണം കണ്ടെത്തുന്ന അവസ്ഥ ഒഴിവാക്കുവാൻ സാധിക്കും.

സർക്കാർ സ്റ്റാറ്റ്യൂട്ടറി ബോഡിയായി പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയും ഉത്തരവാദിത്വവും സർക്കാർ നിലനിർത്തുന്ന വിധത്തിൽ **കേരള വാട്ടർ അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനും** കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ നിന്നും വകമാറ്റി ചെലവഴിച്ച **800 കോടിയോളം രൂപ ലഭ്യമാക്കുന്നതിനും** ഉള്ള അടിയന്തിര ഇടപെടൽ ഉണ്ടാവണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ



ജനറൽ സെക്രട്ടറി